**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3036** **13-07-2022 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുകയും വിശദമാക്കാമോ; | (എ) | വർക്കല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തി രിക്കുന്നു.<br>അവ കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-യ്ക്ക് കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. വർക്കല – നടയറ - പാരിപ്പള്ളി റോഡ് നവീകരിക്കുന്നതിന് 47.54 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത റോഡ് നവീകരിക്കുന്നതിന്റെ ഭാഗമായി കലുങ്ക്, യൂട്ടിലിറ്റി ഡക്ട്, ഓട എന്നിവയുടെ നിർമ്മാണത്തോടൊപ്പം വീതി കൂട്ടുന്ന പ്രവൃത്തിയും നടന്നു വരുന്നു. നിർമ്മാണ പ്രവൃത്തികൾ ഏകദേശം 15.5% പൂർത്തിയാക്കിയിട്ടുണ്ട്. ഇതു കൂടാതെ കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പുരോഗമിച്ചു വരുന്നു.<br><br>2. ശിവഗിരി തൊട്ടുവേ പാലം - ശിവഗിരിപാലം അപ്രോച്ച് നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി 10.48 കോടി രൂപയുടെ സാമ്പത്തികാനുമതി 20.03.2022 ൽ ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് 24.05.2022-ലെ 103-ാംമത്തെ ടെക്നിക്കൽ കമ്മറ്റിയിൽ വയ്ക്കുകയും കമ്മറ്റി നിർദ്ദേശങ്ങളനുസരിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കും. |
| (ബി) | ഭരണാനുമതി ലഭിച്ച റോഡുകളുടെ പ്രവൃത്തി | (ബി) | വർക്കല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | പുരോഗതിയും നടപടികളുടെ പുരോഗതിയും വിശദമാക്കാമോ? | | നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തി രിക്കുന്നു.<br>അവ കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-യ്ക്ക് കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. വർക്കല – നടയറ - പാരിപ്പള്ളി റോഡ് നവീകരിക്കുന്നതിന് 47.54 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത റോഡ് നവീകരിക്കുന്നതിന്റെ ഭാഗമായി കലുങ്ക്, യൂട്ടിലിറ്റി ഡക്ട്, ഓട എന്നിവയുടെ നിർമ്മാണത്തോടൊപ്പം വീതി കൂട്ടുന്ന പ്രവൃത്തിയും നടന്നു വരുന്നു. നിർമ്മാണ പ്രവൃത്തികൾ ഏകദേശം 15.5% പൂർത്തിയാക്കിയിട്ടുണ്ട്. ഇതു കൂടാതെ കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പുരോഗമിച്ചു വരുന്നു.<br><br>2. ശിവഗിരി തൊടുവേ പാലം - ശിവഗിരിപാലം അപ്രോച്ച് നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി 10.48 കോടി രൂപയുടെ സാമ്പത്തികാനുമതി 20.03.2022 ൽ ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് 24.05.2022-ലെ 103-ാംമത്തെ ടെക്നിക്കൽ കമ്മറ്റിയിൽ വയ്ക്കുകയും കമ്മറ്റി നിർദ്ദേശങ്ങളനുസരിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

G

# അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | വർക്കല – കല്ലമ്പലം റോഡിന്റെ കി.മീ.0/000 മുതൽ 11/400 വരെയുള്ള ഭാഗം ബി.എം.&ബി.സി മറ്റ് അനുബന്ധ പണികൾ | 1720.80 | സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| 2. | പള്ളിക്കൽ - നവായിക്കുളം - തുമ്പോട് റോഡിന്റെ കി.മീ.0/000 മുതൽ 11/500 വരെയുള്ള ഭാഗം ബി.എം.&ബി.സി ഉപയോഗിച്ച് പുനരുദ്ധാരണം (ശബരിമല പാക്കേജ്) | 900 | ടെണ്ടർ ചെയ്തു - സെലക്ഷൻ നോട്ടീസ് നൽകി കഴിഞ്ഞു |
| 3. | പഴയപാരപ്പള്ളി - മടത്തറ റോഡും പള്ളിക്കൽ - മുതല -ഇടവേലിയ്ക്കൽ റോഡിന്റെ കി.മീ.0/000 മുതൽ 6/100 വരെ ബി.എം.&ബി.സി ഉപയോഗിച്ചുള്ള പണികൾ (നബാർഡ്) | 700 | റീ ടെണ്ടർ ചെയ്തു |